26/07/2025

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: SINDHU. KS** **Editor: Dr. V. Krishnadas**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/07/2025

1. സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2024 വർഷത്തിൽ കാർഷിക മേഖലയിലെ വിവിധ രംഗങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ച്ചവച്ചവർക്ക് അവാർഡുകളും സമ്മാനങ്ങളും നൽകുന്നതിന് അപേക്ഷകൾക്ഷണിച്ചിട്ടുണ്ട്. ആയതു പ്രകാരം, മാധ്യമരംഗത്തെ മികവിനെ പ്രോത്സാഹിപ്പിക്കുന്നതിന് നൽകി വരുന്ന കർഷക ഭാരതി അവാർഡിലേക്ക് നോമിനേഷനുകൾ ക്ഷണിച്ചു. മലയാള ഭാഷയിലൂടെ കാർഷിക മേഖലയക്ക് വിലപ്പെട്ട സംഭാവനകള് നൽകുന്ന തരത്തിൽ മാധ്യമ പ്രവർത്തനം നടത്തിയ മികച്ച ഫാം ജേർണലിസ്റ്റിനാണ് അവാർഡ് നൽകുന്നത്. അതാത് വ്യക്തികളുടെ നാമനിർദ്ദേശം മാത്രമേ പരിഗണിക്കുകയുള്ളൂ. ഗവേഷണ പ്രസിദ്ധീകരണങ്ങൾ പരിഗണിക്കുകയില്ല. അച്ചടി മാധ്യമം, ദൃശ്യ മാധ്യമം, നവ മാധ്യമം, ശ്രവ്യ മാധ്യമം എന്നിങ്ങനെ നാല് വിഭാഗങ്ങളിലായിട്ടാണ് കർഷക ഭാരതി അവാർഡ് നൽകുന്നത്. കർഷക ഭാരതി അവാർഡ് നോട്ടിഫിക്കേഷൻ തീയതിയായ 19.07.2025 മുതൽ പുറകോട്ട് ഒരു വർഷത്തെ പ്രസ്തുത മേഖലയിലെ സംഭാവനകളാണ് പ്രധാനമായും പരിഗണിക്കുന്നത്. വിശദാംശങ്ങൾ www.keralaagriculture.gov.in എന്ന കൃഷി വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 28.07.2025. അപേക്ഷകൾ 'പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം-3' എന്ന വിലാസത്തിൽ അയക്കണം.

ff



നോമിനേഷനുകൾ അയയ്ക്കുന്ന കവറിന് പുറത്ത് 'കർഷക ഭാരതി അവാർഡ് 2024 ഏതു വിഭാഗം' എന്നത് പ്രത്യേകം രേഖപ്പെടുത്തണം

2. കാർഷികവികസന കർഷകക്ഷേമ വകുപ്പ്, കേരള സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം, ആത്മ മുഖേന കർഷകഉൽപാദന സംഘങ്ങൾക്ക് ഹോർട്ടികൾച്ചർ മേഖലയിൽ നവീന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സാമ്പത്തികസഹായം നൽകും. ജില്ലയിലെ ബ്ലോക്കുകളിൽ രൂപീകരിച്ചിട്ടുള്ള കർഷക ഉൽപാദകസംഘങ്ങൾ (രജിസ്ട്രേഷൻ ചെയ്ത ഒരു വർഷം തികഞ്ഞവ), വിവിധ ഏജൻസികളുടെ പിന്തുണയോടെ പ്രവർത്തിക്കുന്നതും മുൻകാലങ്ങളിൽ ഇതേഘടകത്തിൽ സാമ്പത്തിക സഹായം ലഭിക്കാത്തതുമായ കർഷകഉത്പാദക കമ്പനികൾ (രജിസ്ട്രേഷൻ ചെയ്തു മൂന്നുവർഷം തികഞ്ഞവ) എന്നിവയ്ക്ക് അപേക്ഷിക്കാം. പഴങ്ങൾ, പച്ചക്കറികൾ, പൂക്കൾ, സുഗന്ധവ്യഞ്ജനങ്ങൾ, ഔഷധസസ്യങ്ങൾ, കശുമാവ് ഉൾപ്പെടെയുള്ള പ്ലാന്റേഷൻ വിളകൾ, കിഴങ്ങുവർഗങ്ങൾ, കൂൺ മുതലായ മേഖലകളിൽ വിളവെടുപ്പാനന്തര സേവനങ്ങൾക്കും മൂല്യവർധിത ഉൽപന്നനിർമാണത്തിനും ആവശ്യമായ സ്റ്റോറേജ് സംവിധാനങ്ങൾ, പാക്ക്ഹൗസുകൾ, സംസ്കരണ യൂണിറ്റുകൾക്കാവശ്യമായ യന്ത്രസാമഗ്രികൾ മറ്റ് ഭൗതികസൗകര്യങ്ങൾ എന്നിവയ്ക്കാണ് ആനുകൂല്യം നൽകുന്നത്. മാനദണ്ഡങ്ങൾക്ക് വിധേയമായി മൊത്തം പ്രോജക്ട് ചെലവിന്റെ 80 ശതമാനം സഹായമായി അനുവദിക്കും

ff

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അപേക്ഷ ജൂലൈ 27 നകം ആത്മ പ്രോജക് ഡയറക്ടേറ്റ്, സിവിൽസ്റ്റേഷൻ, കൊല്ലം വിലാസത്തിൽ നൽകണം.

3. റബ്ബറിന് വളമിടുന്നതിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് ഓൺലൈൻ പരിശീലനം നടത്തുന്നു. 2025 ജൂലൈ 29-ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇമെയിൽ –training@rubberboard.org.in

4. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487 – 2370773, 8547070773

## പരിശീലന പരിപാടി

1. മലമ്പുഴ സർക്കാര് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പശു വളർത്തലില് പരിശീലനം നടത്തുന്നു . ഇന്ന് (ജൂലൈ 26 ) ന് രാവിലെ 10 മുതൽ വൈകുന്നേരം അഞ്ചുവരെ മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിലാണ് പരിശീലന പരിപാടി നടക്കുന്നത്. പങ്കെടുക്കാൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആഗ്രഹിക്കുന്നവർ ആധാർ കാർഡിന്റെ പകർപ്പ് കൊണ്ടുവരണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0491-2815454

2. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ **ജൂലായ് 29, 30** എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുകയോ അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുകയോ ചെയ്യുക.

3. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ **"മുട്ടക്കോഴി വളർത്തൽ"** എന്ന വിഷയത്തിൽ 30/07/2025 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതാണ്.

4. ഐ സി എ ആർ കൃഷി വിജ്ഞാന കേന്ദ്രം ഏക ദിന പരിശീലനം സംഘടിപ്പിക്കുന്നു. വെള്ളനാട് പ്രവർത്തിക്കുന്ന മിത്രനികേതൻ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് **മണ്ണിര കമ്പോസ്റ്റ് നിർമാണം** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ 2025 ഓഗസ്റ്റ് മാസം 1 ന് വൈകിട്ട് 5 മണിക്ക് മുൻപായി 8086019840 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക. വാട്സ് ആപ്പ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുഖേനയോ നേരിട്ടോ രജിസ്റ്റർ ചെയ്യാവുന്നതുമാണ് . ക്ലാസ്സ് 2025 ഓഗസ്റ്റ് മാസം 6 ന് രാവിലെ 9.30 മണിക്ക് ഉണ്ടായിരിക്കുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 കർഷകർക്ക് പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്.

5. ബേപ്പൂർ നടുവട്ടത്തെ ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് ജൂലൈ 30, 31 തീയ്യതികളിൽ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരകർഷകർക്ക് **തീറ്റപ്പുൽ കൃഷിയിൽ പരിശീലന പരിപാടി** നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ കാർഡിന്റെയും ബാങ്ക് പാസ്സ്ബുക്കിന്റെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കുന്നവർക്ക് ദിനബത്ത, യാത്രാബത്ത എന്നിവ ലഭിക്കും. താത്പര്യമുള്ളവർ ഇന്ന് (ജൂലൈ 26) വൈകുന്നേരം 5 മണിക്ക് മുമ്പായി 0495-2414579 ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം